**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3657** **26-10-2021 - ൽ മറുപടിയ്ക്ക്**

**നിരത്തുകളുടെ സുരക്ഷിതത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ.വി.സുമേഷ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് വാഹന പരിശോധനയുടെ പിഴ അടയ്ക്കുവാൻ ഏതൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) | വാഹന പരിശോധനയുടെ പിഴ മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.mvd.kerala.gov.in-ൽ fine remittance, camera surveillance എന്ന ലിങ്ക് വഴി ഒടുക്കാൻ സാധിക്കുന്നതാണ്. e-chalan പദ്ധതി പ്രകാരം പിടിക്കപ്പെടുന്ന കേസുകളുടെ പിഴ, e-chalan.parivahan.gov.in എന്ന ലിങ്ക് മുഖാന്തിരം അടയ്ക്കാൻ സാധിക്കും. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ കാര്യാലയങ്ങളിലും നേരിട്ട് പിഴ ഒടുക്കി രസീതി കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ ഉടമ ആവശ്യപ്പെടുന്ന പ്രകാരം പാസ്‌വേർഡും ഐഡിയും ഉടമയ്ക്ക് നൽകുകയും അതുവഴി parivahan.gov.in എന്ന വെബ്സൈറ്റിലെ online payment എന്ന ലിങ്ക് വഴിയോ പിഴ അടയ്ക്കാവുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ നിരത്തുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോട് കൂടി രൂപീകരിച്ച സേഫ് കേരള എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം വിശദമാക്കുമോ; | (ബി) | 2019 മാർച്ച് മാസം മുതൽ ശബരിമല തീർത്ഥാടനകാലത്ത് അപകടരഹിത സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വിജയിച്ച 'ശബരിമല സേഫ് സോൺ' മാതൃകയിലാണ് കേരളത്തിൽ 'സേഫ് കേരള' പദ്ധതി നടപ്പിലാക്കിയത്. ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. യുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഒരു സ്ക്വാഡ് എന്ന ക്രമത്തിൽ 24 x 7 രീതിയിൽ 85 സ്ക്വാഡുകൾ റോഡ് നിരീക്ഷണവും വാഹന പരിശോധനയും നടത്തിവരുന്നു. ഇതിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 99 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നീ ഉദ്യോഗസ്ഥരാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന നോഡൽ ഓഫീസർ ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ |

| | | | |
|---|---|---|---|
| | | | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡുകളിലെ അപകട സാധ്യത വിലയിരുത്തി പോലീസ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് അവ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുക, റോഡപകട വേളയിൽ ഇരയാകുന്നവർക്ക് സ്പോട്ടിലെത്തി വേണ്ട രക്ഷാ, ചികിത്സാ സഹായം എത്തിക്കുക തുടങ്ങി വിവിധതരം പ്രവർത്തനങ്ങൾ സേഫ് കേരള സ്ക്വാഡുകൾ നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകളുടെ ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായി 2020 - ൽ ഏതാണ്ട് 32% അപകടങ്ങളുടെ എണ്ണത്തിലും 33% അപകടമരണങ്ങളിലും കുറവു വന്നിട്ടുണ്ട്. കൂടാതെ പ്രളയം, കോവിഡ്-19 മഹാമാരി തുടങ്ങിയ ദുരന്ത വേളകളിൽ സേഫ് കേരള സ്ക്വാഡുകൾ ശക്തമായ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (സി) | സേഫ് കേരള പദ്ധതി നിലവിൽ വന്നതു മുതൽ കുറ്റക്കാരായവരിൽ നിന്നും എത്ര കേസുകളിലായി എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ? | (സി) | സേഫ് കേരള പദ്ധതി നടപ്പിലാക്കിയ മാർച്ച് 2019 മുതൽ സെപ്റ്റംബർ 2021 വരെ ആകെ 826519 കേസുകളിലായി 718,790,408/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ